**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

**എറണാകുളം**

നം.കെ.എസ്.ഡബ്ലിയു.സി/എം/ഡയറി/2024-2025

29.10.2024

# ദർഘാസ് പരസ്യം

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുവേണ്ടി 2025 വർഷത്തേയ്ക്ക് **2000 ഹാൻഡ് ബുക്ക്** പരസ്യങ്ങൾ ഉൾപ്പെടുത്തി പ്രിന്റ് ചെയ്തു തരുവാൻ തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

1. **ഹാൻഡ് ബുക്കിനെപ്പറ്റിയുള്ള ഏകദേശ വിവരണം**

1. വലുപ്പം : 24 സെ.മീ.x 17 സെ.മീ.
2. പുറം കവർ : Art Cover, Cover page printing KERALA STATE WAREHOUSING CORPORATION, HAND BOOK with Emblem and Year print with design
3. ഒരു പേജിൽ രണ്ട് ദിവസമുള്ള കലണ്ടർ (എല്ലാ മാസത്തിന്റെയും തുടക്കത്തിൽ മന്ത്ലി പ്ലാനർ ഉണ്ടായിരിക്കേണ്ടതാണ്. )
4. മാർക്കർ ടാഗ്
5. പേപ്പർ: 70 GSM Maplitho white high bright paper

ഹാൻഡ് ബുക്കിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളും, ഹാൻഡ് ബുക്കിന്റെ സാമ്പിളും പ്രവൃത്തി ദിവസങ്ങളിൽ കേന്ദ്ര ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

കോർപ്പറേഷനെ സംബന്ധിച്ച വിവരങ്ങളും, പൊതുവിവരങ്ങൾ അടക്കമുള്ള വിവരങ്ങളും ഹാൻഡ് ബുക്കിന്റെ ആദ്യഭാഗത്തും കോർപ്പറേഷൻ തരുന്ന പരസ്യ മാറ്ററുകൾ (കളർ, ബ്ലാക്ക് & വൈറ്റ്) ഹാൻഡ് ബുക്കിന്റെ അവസാന ഭാഗത്തും പ്രിന്റ് ചെയ്യേണ്ടതാണ്. ഹാൻഡ് ബുക്കിന്റെ നിരക്കും, കോർപ്പറേഷന്റെ പരസ്യങ്ങളും വിവരണങ്ങളും ഉൾപ്പെടുത്തിയ ഹാൻഡ് ബുക്ക് തയ്യാറാക്കി നൽകുന്നതിനുള്ള നിരക്ക് (കളർ, ബ്ലാക്ക് & വൈറ്റ് പേജ് ഒന്നിന് പ്രിന്റിംഗ് നിരക്കുൾപ്പെടെ ആവശ്യപ്പെടുന്ന നിരക്കും, നികുതികൾ അടക്കം) ദർഘാസിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട അതാതു സമയത്തെ നിയമാനുസൃത നികുതികൾ പ്രിന്റിംഗ് ബില്ലിൽ നിന്നും കുറവു ചെയ്യുന്നതാണ്. ഹാൻഡ് ബുക്കിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി കോർപ്പറേഷൻ നൽകുന്ന പരസ്യ മാറ്ററുകൾ ഡി.റ്റി.പി എടുത്ത് പ്രൂഫ് കാണിച്ച് കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ഹാൻഡ് ബുക്കിൽ ചേർക്കേണ്ടതാണ്. ആയതിന് വരുന്ന ചിലവുകൾ കൂടി ഉൾപ്പെടുത്തിയാണ് ടെൻഡർ സമർപ്പിക്കേണ്ടത്.

.......(2)

മേൽ വിവരങ്ങൾ കണക്കിലെടുത്തുകൊണ്ട് ടെൻഡറുകൾ തയ്യാറാക്കി 11.11.2024 ന് ഉച്ചയ്ക്ക് 3.00 (മൂന്ന്) മണിക്ക് മുൻപായി ഈ ആഫീസിൽ ലഭിക്കത്തക്കവിധം ഹാൻഡ് ബുക്കിന്റെ സാമ്പിൾ സഹിതം സമർപ്പിക്കേണ്ടതാണ്. ലഭിച്ച ടെൻഡറുകൾ മുഴുവനും അന്നേ ദിവസം തന്നെ 3.30 ന് ഹാജരുള്ള ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞാൽ 10,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്വട്ടേഷൻ ലഭിച്ച വ്യക്തി ഈ ആഫീസിൽ അടച്ച് വർക്ക് ഓർഡർ കൈപ്പറ്റേണ്ടതാണ്. മറ്റ് ഉപാധികളും നിബന്ധനകളും വർക്ക് ഓർഡറിൽ പ്രതിപാദിക്കുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ടെൻഡറുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ദർഘാസ് കവറിനു മുകളിൽ ദർഘാസ് - ഹാൻഡ് ബുക്ക് 2025 എന്ന് എഴുതേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

പകർപ്പ് :

1. കേന്ദ്ര ആഫീസിലെ നോട്ടീസ് ബോർഡ്
2. എല്ലാ സോണൽ ഓഫീസിലെ/റീജിയണൽ ഓഫീസിലെ നോട്ടീസ് ബോർഡിലേക്കും
3. പ്രിന്റേഴ്സ് പാനലിലുള്ളവർക്കും